**<u>ഷോർട്ട് ഫിലിം ഫെസ്റ്റിവൽ</u>**

ഇന്ത്യൻ ചലച്ചിത്രമേഖലയ്ക്ക് നിസ്തുലമായ സംഭാവനകൾ മലയാള സിനിമ നൽകിയിട്ടുണ്ട്. ഈ മേഖലയിൽ നവാഗതരായ നിരവധി യുവജനങ്ങൾ അവസരങ്ങൾ തേടിയെത്തുന്നുണ്ട്. ആശയങ്ങളും കാഴ്ച്ചപ്പാടുകളും ഭാവനാസമ്പന്നമായി പകർത്തുന്ന യുവജനങ്ങളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ തിരക്കഥ, സംവിധാനം, ഛായാഗ്രഹണം ഉൾപ്പെടെയുള്ള സിനിമാ സങ്കേതങ്ങളെ യോജിപ്പിക്കുവാൻ മികച്ച പരിശീലനം ആവശ്യമാണ് എന്ന് കണ്ടെത്തിയതിനെ തുടർന്നാണ് യുവജനക്ഷേമ ബോർഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. സ്ത്രീ ശാക്തീകരണം, വികസനം,പരിസ്ഥിതി സംരംക്ഷണം എന്നിവ അടിസ്ഥാനമാക്കി ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 45 ഓളം അപേക്ഷകർ സൃഷ്ടികൾ അപ് ലോഡ് ചെയ്തിട്ടുണ്ട്. ഇവ ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുകയും ഇവയിൽ നിന്നും മികച്ച ഷോർട്ട് ഫിലിമുകൾ ബോർഡ് ഏർപ്പെടുത്തിയ ജൂറി തെരഞ്ഞെടുക്കുകയും ചെയ്യും. ഓരോ മേഖലയ്ക്കും ഒന്നാം സമ്മാനമായി 50,000/-രൂപയും രണ്ടാം സമ്മാനമായി 25,000/-രൂപയും മൂന്നാം സമ്മാനമായി 15,000/-രൂപയുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, ബോർഡിന്റെ യൂത്ത് കേരള എക്സ്പ്രസ് എന്ന പരിപാടിക്കായി ക്ഷണിച്ച തിരക്കഥയുമായി ബന്ധപ്പെട്ട് അപേക്ഷ ക്ഷണിച്ചവരിൽ നിന്നും തെരഞ്ഞെടുത്ത 30 പേർക്ക് ശില്പശാലയും സംഘടിപ്പിക്കും. ഷോർട്ട് ഫിലിം ഫെസ്റ്റിവലിനായി 25,86,000/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി പരിപാടി 2018 മെയ് 7 മുതൽ 12 വരെ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.